**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4362** **01-07-2024 - ൽ മറുപടിയ്ക്ക്**

**മൂലക്കിൽ കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ-കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കിൽ കടവ് പാലം നിർമ്മാണത്തിന് സാമ്പത്തികാനുമതി നൽകുന്ന നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ? | (എ) | 10.07.2017-ലെ GO (Rt) No. 942/2017/PWD പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 25 കോടിയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മൂലക്കീൽകടവ് പാലം നിർമ്മാണ പ്രവൃത്തിക്ക് 20/10/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് മാത്രമായി 2.41 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിർമ്മാണ പ്രവൃത്തിയ്ക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി നിർവ്വഹണ ഏജൻസി സമർപ്പിച്ച DPR കിഫ്ബി അവലോകനം നടത്തി ചില തിരുത്തലുകൾ വരുത്തുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ DPR ഉടൻ സമർപ്പിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ